**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് - അപകടത്തിൽപ്പെട്ട് ഇൻവാലിഡ് പെൻഷൻ - ശ്രീ.ഷറഫ്.എം -ആശ്രിത നിയമനം - ശ്രീ.മിൽഹാൻ.എസ് സമാശ്വാസ തൊഴിൽദാനപദ്ധതി - പഞ്ചായത്തു വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**130/ 2021/ തസ്വഭവ.** തീയതി, തിരുവനന്തപുരം **09.07.2021.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/ 99/ പി & എ ആർ.ഡി തീയതി, 24.05.1999.

2) സ.ഉ(എം.എസ്) 100/ 2020/ തസ്വഭവ തീയതി 25/ 06/ 2020.

3) ശ്രീ.മിൽഹാൻ.എസ് ന്റെ 21.07.2020 - ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 28.09.2020 - ലെ PAN/ 11316/ 2020- E14(DP) നമ്പർ കത്ത്.

5) കൊല്ലം ജില്ലാ കളക്ടറുടെ 15.03.2021 - ലെ DCKLM/ 13158/ 2020/ S4 നം.കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അപകടത്തിൽപ്പെട്ട് ഇൻവാലിഡ് പെൻഷൻ പറ്റി സർവീസിൽ നിന്നും വിരമിച്ച ശ്രീ.ഷറഫ്.എം ന്റെ ആശ്രിതൻ ശ്രീ.മിൽഹാൻ.എസ്സിന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ആശ്രിത നിയമന ചട്ടങ്ങളിൽ ഇളവ് നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം സമർപ്പിച്ച പരാമർശം(3) അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു ഇൻവാലിഡ് പെൻഷൻ പറ്റി വിരമിച്ച ശ്രീ.ഷറഫ്.എം ന് 14 വർഷം 07 മാസം 16 ദിവസത്തെ സേവനകാലമുണ്ട്.

2. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അപകടത്തിൽപ്പെട്ട ശ്രീ.ഷറഫ്.എം. 31.01.2016- ലാണ് ഇൻവാലിഡ് പെൻഷൻ പറ്റി സർവീസിൽ നിന്നും വിരമിച്ചത്. അപേക്ഷകനായ ശ്രീ.മിൽഹാൻ.എസ് ടിയാന്റെ മകനാണ്. അപേക്ഷകന്റെ ജനനതീയതി 24.11.1997 ആണ്. അപേക്ഷകന് 24 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ S.S.L.C, +2 പരീക്ഷകൾ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം സേവന സാക്ഷ്യപത്രം, അപേക്ഷന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്.

ടിയാന്റെ കുടുംബവാർഷിക വരുമാനം 92,000 /-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അപകടത്തിൽപ്പെട്ട് ഇൻവാലിഡ് പെൻഷൻ പറ്റി സർവീസിൽ നിന്നും വിരമിച്ച ശ്രീ.ഷറഫ്.എം ന്റെ മകനും ആശ്രിതനുമായ ശ്രീ.മിൽഹാൻ.എസ് ന്റെ ( മലയിൽ,വടക്കുംതല പി.ഒ, കരുനാഗപള്ളി,കൊല്ലം-690 536.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി നിയമനം ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അപകടത്തിൽപ്പെട്ട് ഇൻവാലിഡ് പെൻഷൻ പറ്റി സർവീസിൽ നിന്നും വിരമിച്ച ശ്രീ.ഷറഫ്.എം ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാനെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
**അഡിഷണൽ സെക്രട്ടറി**

ശ്രീ.മിൽഹാൻ.എസ് (മലയിൽ, വടക്കുംതല പി.ഒ, കരുനാഗപള്ളി, കൊല്ലം-690 536.) (തപാൽമുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കൊല്ലം.
സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ),
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/ 154/ 2020 /തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ